**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് പൂർത്തിയാക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1066/2012/തസ്വഭവ. തിരുവനന്തപുരം, തിയതി, 04.04.2012

പരാമർശം:- 1. സ.ഉ. (സാധാ) നം. 1928/10/തസ്വഭവ തിയതി, 11.06.2010.

2. സ.ഉ. (സാധാ) നം. 822/11/തസ്വഭവ തിയതി, 19.03..2011.

3. സ.ഉ. (സാധാ) നം. 1282/11/തസ്വഭവ തിയതി, 29.05.2011.

4. ഇൻഫർമേഷൻ കേരള മിഷൻ, എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 24.01.2012 ലെ IKM/ P & W - 696/2011 - 12 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾ 31.12.2010 ന് മുമ്പ് ചെയ്തു തീർക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ ലിസ്റ്റിന് പരാമർശം (1) ലെ ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. സൂചന (2) ലെ ഉത്തരവു പ്രകാരം 31.03.2011 വരെയും സൂചന (3) ലെ ഉത്തരവു പ്രകാരം 31.12.2011 വരെയും ടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിരുന്നു. ടി ലിസ്റ്റിന്റെ കാലാവധി 31.12.2012 വരെ ദീർഘിപ്പിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (4) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾക്കായി തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ സേവനം അവസാനിപ്പിച്ചു കൊണ്ടും ഇനിയും പൂർത്തികരിച്ചിട്ടില്ലാത്ത ജോലികൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ പൂർത്തികരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ